കേരള ലാൻറ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ നടപടി

137 [2127] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉള്ളതുപോലെ കൃഷി വകുപ്പിന്റെ കീഴിലുള്ള കെ. എൽ. ഡി. സി.യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ പെൻഷൻ പദ്ധതി കെ. എൽ. ഡി. സി. ജീവനക്കാർക്ക് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് കെ. എൽ. ഡി. സി. എംപ്ലോയീസ് യൂണിയനിൽ നിന്നും നിവേദനം ലഭിച്ചിരുന്നു.

(സി) സർക്കാരിന് നിവേദനം ലഭിച്ചിട്ടില്ല.

കേരഫെഡിലെ കാഷ്വൽ വർക്കർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

138 [2128] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിൽ 1992-ൽ ഇൻറർവ്യൂ നടത്തി എത്ര കാഷ്വൽ വർക്കർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരെ കേരഫെഡിൽ സ്ഥിരപ്പെടുത്തി;

(സി) 2004-ൽ കൃഷിവകുപ്പ് മന്ത്രിയും ലേബർ കമ്മീഷണറും കേരഫെഡ് മാനേജിംഗ് ഡയറക്ടറും ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ തീരുമാനമനുസരിച്ച് കാഷ്വൽ വർക്കർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 148 പേരെ നിയമിച്ചു.

(ബി) ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) 27-4-2004-ൽ നടന്ന ചർച്ചയിൽ മേൽപ്പറഞ്ഞ കാഷ്വൽ വർക്കേഴ്സിന് പരമാവധി തൊഴിൽ നൽകുന്നതിന് ശ്രമിക്കാമെന്നും ഇവരെ

LIBRARY ARCHIVES Kerala Legislative Assembly